വിദ്യാർത്ഥികൾക്കായി കാർഷിക പദ്ധതികൾ

*18 [455] ശ്രീ. ബിനോയ് വിശ്വം:
,, മാങ്കോട് രാധാകൃഷ്ണൻ:
,, എൻ. രാജൻ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ കാർഷികാഭിരുചി വളർത്തിയെടുക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്കിടയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികളുണ്ടോ; ഉണ്ടെങ്കിൽ ഈ അദ്ധ്യയന വർഷം വിദ്യാർത്ഥികൾ എത്ര ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചു എന്ന് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഇപ്പോൾ നിലവിലില്ല.

(ബി) ബാധകമല്ല.

ടൂറിസം നയരേഖയിലെ പദ്ധതികളും പരിപാടികളും

*19 [456] ശ്രീ. വി. ചെന്താമരാക്ഷൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ടൂറിസം നയരേഖ വിഭാവനം ചെയ്യുന്ന പദ്ധതികളും പരിപാടികളും എന്തെങ്കിലും സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ടൂറിസം രംഗത്ത് സർക്കാർ സ്വീകരിച്ച നയസമീപനങ്ങളിൽ എന്തെങ്കിലും നിലയിലുള്ള വീഴ്ചകൾ സംഭവിച്ചതായി സർക്കാർ കരുതുന്നുണ്ടോ;

(സി) എങ്കിൽ സർക്കാരിന്റെ ഇത് സംബന്ധിച്ച വിലയിരുത്തലുകൾ വെളിപ്പെടുത്താമോ;

(ഡി) വിനോദസഞ്ചാര വികസനപരിപാടികൾ നമ്മുടെ നാടിനും സംസ്കാരത്തിനും യോജിച്ചവയായിരിക്കണമെന്ന് ഉറപ്പുവരുത്താൻ സർക്കാർ തയ്യാറാകുമോ;

(ഇ) ആയുർവേദ ചികിത്സ നൽകാൻ എന്ന പേരിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളിലും ടൂറിസ്റ്റുകൾ വഞ്ചിതരാകുന്ന സ്ഥിതി വിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) 'ടൂറിസം വിഷൻ-2025'-ൽ വിഭാവനം ചെയ്യുന്ന പദ്ധതികളും പരിപാടികളുമാണ് സർക്കാർ നടപ്പിലാക്കിവരുന്നത്.

(ബി & സി) ഇല്ല.

(ഡി) കേരളത്തിന്റെ സാംസ്കാരിക പൈതൃകവും പരിസ്ഥിതിയും പരിരക്ഷിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടും ഇവിടത്തെ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ഉല്പാദനവും വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിച്ചുകൊണ്ടും അതുവഴി ദാരിദ്ര്യനിർമ്മാർജ്ജനത്തിന് വഴിയൊരുക്കിയും നാടിന്റെ നാനാമുഖമായ പുരോഗതിക്ക് ഉതകുന്നവിധമാണ് 'ടൂറിസം വിഷൻ-2025' വിഭാവനം ചെയ്തിട്ടുള്ളത്.

(ഇ) ഉണ്ട്. ഇത് കർശനമായി നിയന്ത്രിക്കുന്നതിലേക്കായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സപ്ലൈ കോഡ് റഗുലേഷന്റെ ദോഷങ്ങൾ

*20 [457] ശ്രീ. രാജു എബ്രഹാം:

,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കരട് റഗുലേഷനായ സപ്ലൈ കോഡ് പ്രകാരം ഇനി മുതൽ എല്ലാ വിഭാഗം അപേക്ഷകരും കണക്ഷൻ ലഭിക്കാൻ ആവശ്യമായ മുഴുവൻ ചെലവും ഇലക്ട്രിസിറ്റി ബോർഡിൽ കെട്ടിവെക്കേണ്ടതുണ്ടെന്നതും പ്രത്യേക മുൻഗണന എടുത്തുകളഞ്ഞിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കണക്ഷൻ ലഭിക്കാൻ അപേക്ഷകൻ കെട്ടിവെക്കേണ്ട തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് തുടർന്നും പ്രത്യേക മുൻഗണനയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 46 പ്രകാരം വൈദ്യുതി കണക്ഷൻ ആവശ്യമുള്ള ആളുകളിൽനിന്നും വൈദ്യുതി കണക്ഷൻ നൽകുന്നതിന് വേണ്ടി ലൈൻ, വൈദ്യുത പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിന് വേണ്ടിവരുന്ന ന്യായമായ ചെലവുകൾ ഈടാക്കാൻ റഗുലേഷൻ വഴി ലൈസൻസികളെ അനുവദിക്കാൻ റഗുലേറ്ററി കമ്മീഷന് ചുമതലയുണ്ട്. ഈ വ്യവസ്ഥ കേരള

LIBRARY ARCHIVES Kerala Legislative Assembly